# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**

**മുല്ലശ്ശേരി ബ്ലോക്ക്**

**പാവറട്ടി പഞ്ചായത്ത്**

**വാർഡ് -5 മനപടി**

---

## മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

**2018-19**

---

# ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

**സവിശേഷതകൾ**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് 17(2)-ാം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ രണ്ട് പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രകിയ്ക്ക് കണ്ടെത്താൻ കഴിയുന്നു.

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ പാവറട്ടി പഞ്ചായത്തിലെ വാർഡ് 5 മനപടിയിൽ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ഓഡിറ്റിന് വിധേയമാക്കിയത് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവർത്തി

ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനേയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളേയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് .തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്നു.

### 1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1)

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. MIS പ്രകാരം വാർഡിൽ 104 തൊഴിൽ കാർഡുകൾ ആണ് ഉള്ളത്. അതിൽ 5 പേര് മാത്രമാണ് തൊഴിൽ ചെയ്യുനതിനായി വരുന്നത്.

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അനേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കല്ലയാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്. തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ കൃത്രിമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു.

### .2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം. (Schedule 1 Para 11)

തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുവാനും തീയതി വച്ച രസീത് കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ്ധ കായിക തൊഴിലിയൂനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

### 3 തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതി യും ലഭിക്കൻ അവകാശമുണ്ട്.

### 4. പ്രവർത്തികൾ കണ്ടെത്തി നൽകാനുള്ള അവകാശം. (Schedule 1 Para 9)

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്.

നിലവിൽ ഗ്രാമസഭയുടെ ഇടപെടൽ  പ്രവൃത്തി തിരഞ്ഞെടുക്കുന്നതിൽ ഉള്ളതായി മനസിലാകുവാൻ സാധിക്കുന്ന രേഖകൾ ഗ്രാമ സഭ മിനിട്ട്സിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ആക്ഷൻ പ്ലാൻ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കുന്നതായി രേഖകളിൽ നിന്നും മനസിലാകുവാൻ കഴിഞ്ഞു.

**5.അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )**

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

**6.പണി സ്ഥലത്തെ  അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം(Schedule 2 Para 23  )**

പട്ടിക  2 ഭാഗം. 23 പ്രകാരം പ്രവർത്തി സഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രൂഷ കിറ്റുകൾ ,  5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത് ശുദ്ധമായ കുടിവെള്ളം, ഫസ്റ്റ് എയ്ഡ് ബോക്സ്, , എന്നിവക്കുള്ള   അവകാശം. കൂടാതെ തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിന്റെ ചികിൽസ ചെലവും ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.

**7.കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2  Para  29 )**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി.   നിയമം അനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

**8.  വേതനവിതരണത്തിലെ കാലതാമസത്തിന്  നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം**

അവസാന പ്രവൃത്തി ദിവസത്തിന്റെ 15-ാം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേതനത്തിന്റെ 0.05% അധിക വേതനം ലഭിക്കാനുള്ള അവകാശം.

പട്ടിക 2  പാര 29 അനുസൃതമായി പതിനഞ്ചു ദിവസത്തിനകം തൊഴിൽ വേതനം  ലഭ്യമായില്ലെങ്കിൽ വേതന താമസത്തിനു 0.05 ശതമാനം നിരക്കിൽ അധിക വേതനം ലഭ്യമാകേണ്ടതാണ്.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം**

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും  ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതിൽൽ പങ്കാളിയാകുന്നതിനുളള അവകാശം.

## <u>ഫയൽ പരിശോധന</u>

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.**

1. ജോബ് കാർഡ് രജിസ്റ്റർ
2. **ഗ്രാമസഭ** രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ & വേതന രജിസ്റ്റർ

4. വർക്ക് രജിസ്റ്റർ
5. ഫിക്സഡ് അസറ്റ് രജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

## പ്രവർത്തി ഫയലിലെ 22 രേഖകൾ

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു പ്രവർത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാക്കേണ്ടതാണ്.

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും
5) ഭരണാനുമതിയുടെയും സാമ്പത്തികാനുമതിയുടെയും കോപ്പി
6) സാങ്കേതിക അനുമതിയുടെ കോപ്പി
7) കൺവെർജൻസ് വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള നോട്ടീസിന്റെ കോപ്പി
10) പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി
11) മെഷർമെന്റ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്കെന്റിന്റെയും മെറ്റീരിയൽ സപ്ലേ ഓർഡറിന്റെയും കോപ്പി
13) വേജ്ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റയും എഫ്.റ്റി.ഒ യുടെയും കോപ്പി
15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16) റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി
17) മൂന്ന് ഘട്ടങ്ങൾ ആയുള്ള തൊഴിലിന്റെ ഫോട്ടോകൾ
18) പൂർത്തികരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി
19) മസ്റ്റ് റോൾ മൂവ്മെന്റ് സ്ലിപ്
20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ
21) സോഷ്യൽ ഓഡിറ്റിന്റെ റിപ്പോർട്ട് കോപ്പി
22) സൈറ്റ് ഡയറി

## CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്ഓരോ പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ . പയോഗിച്ച്സിമൻറ്റ്ഉം കോൺക്രീറ്റും ഉ നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട് ഇരുമ്പ് .,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ് .

വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി നിർമ്മാണ ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. CIB അടങ്ങുന്ന ഒരു ഫോട്ടോ പ്രവൃത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

## റോസ്ഗാർദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്.

റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിൻറെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

# പ്രവർത്തികളുടെ പരിശോധന വിവരണം

**1), വാർഡ് 05 ലെ പൊതുഭൂമിയിലെ വനവൽക്കരണ പ്രവൃത്തി (കൃഷിഭവൻ) 1607010003/DP/268998**

- ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 57747 രൂപയും 120 തൊഴിൽദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.
- എം.ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 3588 രൂപയും സൃഷ്ടിച്ചിരിക്കുന്നത് 13 തൊഴിൽ ദിനങ്ങളും ആണ്.
- CIB പ്രവൃത്തി സ്ഥലത്തു ഉണ്ടായിരുന്നില്ല.
- 5000 രൂപ CIB കായി എസ്റ്റിമേറ്റിൽ കാണിച്ചട്ടുണ്ട് എങ്കിലും തുക ചിലവഴിച്ചതായി കാണുന്നില്ല.
- എം.ബുക്ക് പ്രകാരം 50 വൃക്ഷ തൈകൾ ആണ് നട്ടതായി പറയുന്നത് എങ്കിലും 2 വൃക്ഷ തൈകൾ ആണ് എണ്ണുവാൻ സാധിച്ചത്.
- പ്രവൃത്തി സ്ഥലം മുഴുവനായി കാട് പിടിച്ചു കിടക്കുന്നതിനാൽ നട്ടതായി പറയുന്ന വൃക്ഷ തൈകൾ കണ്ടു പിടിക്കുവാൻ സാധിക്കുന്നില്ല.
- വൃക്ഷ തൈകളുടെ പരിപാലനത്തിനായി കാണിച്ചിരിക്കുന്ന തുക ചിലവഴിച്ചതായി കാണുന്നില്ല.
- 1423 മസ്റ്റർ റോൾ പൂർത്തീകരിച്ചട്ടില്ല, തൊഴിലാളികൾ വന്നിരുന്ന ദിവസങ്ങളിലെ ഹാജർ രേഖപ്പെടുത്തി എങ്കിലും വരാത്ത ദിവസങ്ങളിൽ ആബ്സെൻറ എഴുതി ചേർത്തിട്ടില്ല.

## ഭവന നിർമ്മാണം

**2), കാക്കശ്ശേരി നീർത്തടത്തിലെ മനപ്പടി ഗവർമെന്റ് അന്ഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 3 (മാർത്ത)**
**1607010003/IF/365837**

**3), കാക്കശ്ശേരി നീർത്തടത്തിലെ മനപ്പടി ഗവർമെന്റ് അന്ഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 1 (പദ്മിനി)**
**1607010003/if/347924**

**4), കാക്കശ്ശേരി നീർത്തടത്തിലെ മനപ്പടി ഗവർമെന്റ് അന്ഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 2 (സജിനി ആന്റോ**
**1607010003/if/356708**

- ✓ മൂന്ന് ഭവന നിർമ്മാണ പ്രവൃത്തികൾക്കുമായി രൂപ ചിലവഴിക്കുകയും 270 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.
- ✓ പദ്മിനി എന്ന വ്യക്തിക്ക് തൊഴിൽ കാർഡ് ഉണ്ടെങ്കിലും മാർത്ത, സജിനി ആന്റോ എന്നി വ്യക്തികൾക്ക് തൊഴിൽ കാർഡ് ലഭ്യമായിട്ടില്ല.
- ✓ മൂന്ന് വീടുകളും താമസയോഗ്യമാക്കിയതായി കാണുന്നു.

## കക്കൂസ് നിർമ്മാണം

**5), മനപ്പടി -ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ വ്യക്തിഗത കക്കൂസ് നിർമ്മാണം ഭാഗം 1 (പദ്മിനി)**
**1607010003/RS/293544**

**6), മനപ്പടി -ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ വ്യക്തിഗത കക്കൂസ് നിർമ്മാണം ഭാഗം 2 (സജിനി ആന്റോ)**
**1607010003/RS/293545**

- ➢ എസ്റിമേറ് പ്രകാരം 56 തൊഴിൽ ദിനങ്ങളും 24000 രൂപയുമാണ് ഈ പ്രവൃത്തികൾക്കായി തയ്യാർ ചെയ്തിരിക്കുന്നത്
- ➢ ഇതിൽ പൂർത്തീകരിച്ച 56 തൊഴിൽ ദിനങ്ങളിലെ വേതനമായ 15316 രൂപ നല്കിയിട്ടുള്ളതായി വ്യക്തമാണ്.
- ➢ 8684 രൂപ സാധന ഘടകമായി അനുവദിച്ചിരിക്കുന്നതിൽ തൊഴിലാളികൾക്ക് എത്ര ലഭിച്ചു എന്ന് മനസിലാക്കുവാൻ സാധിക്കുന്ന രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല. ബിൽ, വൗച്ചർ എന്നിവ സൂക്ഷിച്ചിരുന്നില്ല. തൊഴിലാളികൾ ബാങ്ക് പാസ് ബുക്ക് അപ്ഡേറ്റ് ചെയ്തട്ടില്ല.

**7), കാക്കശ്ശേരി നീർത്തടത്തിലെ മനപ്പടി ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ഭാഗം 1**
**1607010003/IF/367585**

- എസ്റ്റിമേറ്റിൽ 6726 രൂപ കാണിച്ചിരിക്കുന്ന ഈ പ്രവർത്തിയിൽ എം .ബുക്ക് പ്രകാരം ചെലവ് വന്നിരിക്കുന്നത് 2112 രൂപയാണ്.
- രണ്ടു മിസ്റ്റർ റോളുകൾ ഉള്ള പ്രവർത്തിയിൽ ആകെ 4 തൊഴിൽ ദിനങ്ങൾ ആണ് ഉള്ളത്.
- 2 പ്രവൃത്തി ദിനങ്ങളിലെ അവിദഗ്ദ വേതനമായി നൽകിയിരിക്കുന്നത് 552 രൂപയാണ്.
- 2 അർദ്ധ വിദഗ്ദ തൊഴിൽ ദിനങ്ങൾക്കു നൽകിയിരിക്കുന്നത് 1560 രൂപയാണ്.
- 1569 ആം നമ്പർ skilled മസ്റെർ റോളിൽ രണ്ടു അർദ്ധ വിദ്ധകത തൊഴിൽ ദിനങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ തൊഴിലാളിയുടെ ഒപ്പ് രേഖപെടുതിയിട്ടില്ല. 1560 രൂപ വേതനമായി നൽകിയതായി 463170 നമ്പർ FTO പ്രകാരം വ്യക്തമാണ് .

## കണ്ടെത്തലുകൾ

- തൊഴിലാളികൾക്കു ആവശ്യമായ പ്രഥമ ശുശ്രൂഷ കിറ്റുകൾ, തണൽ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല എന്നും തൊഴിലാളികളിൽ നിന്നും മനസിലാക്കുന്നു.
- ഓഡിറ്റ് പീരിഡിൽ വാർഡിൽ ഒരേയൊരു പൊതു പ്രവൃത്തി മാത്രമേ നടന്നിട്ടുള്ളു.
- പൊതു പ്രവർത്തിയിലൂടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന 5 തൊഴിലാളികൾക്കായി 13 തൊഴിൽ ദിനങ്ങൾ മാത്രമാണ്.
- 5 തൊഴിലാളികൾ മാത്രമാണ് നിലവിൽ വാർഡിൽ തൊഴിലാളികൾ ആയിട്ടുള്ളത്.
- വേതന വിതരണത്തിലെ കാലതാമസം തൊഴിലുറപ്പിൽ നിന്നും തൊഴിലാളികളെ അകറ്റിയതായി ഡോർ ട്ടോ ഡോർ വേരിഫികഷനിൽ തൊഴിലാളികൾ അറിയിച്ചു.

## നിർദേശങ്ങൾ

- ബാങ്ക് പാസ് ബുക്കുകൾ കൃത്യമായ ഇടവേളകളിൽ ഇടപാട് വിവരങ്ങൾ രേഖപെടുത്തിയിട്ടില്ല എങ്കിൽ വേതനം വൈകുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോദിക്കുവാൻ സാധിക്കില്ല.
- മസ്റ്റർ റോളുകൾ , എം. ബുക്ക് എന്നിവ തെറ്റുകൾ വരാതെ പൂർത്തീകരിക്കേണ്ടതുണ്ട്.
- മേറ്റുമാർക്ക് തൊഴിൽ കാർഡ്, സൈറ്റ് ഡയറി എന്നിവ പൂരിപ്പിക്കുന്നത് സംബന്ധിച്ച് സംശയങ്ങൾ ഉള്ളതായി കാണുന്നു.
- മേറ്റുമാർക്ക് ഏകദിന സെമിനാറുകൾ ട്രെയിനിങ്ങുകൾ എന്നിവ സംഘടിപ്പിക്കുന്നത് തൊഴിൽ നിലവാരം ഉയർത്താൻ സഹായകമായിരിക്കും.
- പ്രഥമ ശുശ്രൂഷ കിറ്റുകളിൽ ഉണ്ടായിരിക്കേണ്ട മരുന്നുകളെ കുറിച്ചും അതിനു തുക ചിലവഴിക്കേണ്ട രീതിയെ കുറിച്ചും വ്യക്തത വരുത്തേണ്ടതുണ്ട്.

## ഗ്രാമസഭ തീരുമാനങ്ങൾ

- തൊഴിൽ കാർഡും തൊഴിലും ഫ്രണ്ട് ഓഫീസ് വഴി അപേക്ഷിക്കുവാനും ആയതിനു തൊഴിലാളിക്ക് രസീത് നൽകുവാനും തീരുമാനിച്ചു.
- റോസ്‌കാർ ദിവസം എല്ലാ മാസവും നടത്തി തൊഴിലാളികളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു പരിഹാര നടപടികൾ നടത്താമെന്നു തീരുമാനിച്ചു.
- വൃക്ഷ തൈകൾ പല വിധത്തിൽ നശിച്ചു പോകുന്നത് ഒഴിവാക്കുന്നതിന് സംരക്ഷണം ഉറപ്പു വരുത്തുവാൻ തീരുമാനിച്ചു.
- **CIB** എല്ലാ പ്രവൃത്തി സ്ഥലങ്ങളിലും മാനദണ്ഡ പ്രകാരം വയ്ക്കാമെന്നു തീരുമാനിച്ചു.
- തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ തന്നാൽ ലഭ്യമാകുന്നതിനു ടാർപോളിൻ**,** പ്രഥമ ശുസ്രൂക്ഷകിറ്റുകൾ എന്നിവ ഏർപ്പെടുത്താൻ തീരുമാനിച്ചു.
- ഭൂവികസന പ്രവർത്തികൾ ആസ്തി വികസനം ലക്ഷ്യമാക്കി കൃഷിക്ക് അനുയോജ്യമായ രീതിയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

| Si No | Work code | work name | Cover Page | Check List | Action Plan | Estimate | Design | TS | AS | Convergence | Demand | Work Allocation | Muster Roll | M.Book | Material Purchase | Wage List | FTO | Material Voucher/Bill | Royalty | 3 phase Photograh | Completion | muster roll movement | Geo Tag photo | Social Audit report | Site Diary | Board |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1607010003/DP/268998 | വാർഡ് 05 ലെ പൊതു ഭൂമിയിലെ വനവല്ക്കരണ പ്രവൃത്തി (കൃഷി ഭവൻ) | Yes | Yes | Yes | Yes | No | Yes | No | No | Yes | No | Yes (1) | Yes | No | Yes | Yes | No | NA | No | Yes | Yes | No | No | NO | No |
| 2 | 1607010003/IF/365837 | കാക്കക്കര നിരത്തതിലെ മനപ്പടി ഗവർമെന്റ് അംഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 3 (മാർത്ത) | Yes | Yes | Yes | Yes | Yes | Yes | Yes | No | No | No | Yes(8) | Yes | No | Yes (8) | Yes(6) | No | NA | No | Yes | Yes (4) | No | No | No | No |
| 3 | 1607010003/RS/293545 | മനപ്പടി - ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ വ്യക്തിഗത കക്കൂസ് നിർമ്മാണം ഭാഗം 2 (സജിനി ആന്റോ | Yes | Yes | Yes | Yes | Yes | Yes | Yes | No | No | No | Yes (2) | Yes | No | Yes (2) | Yes (2) | No | NA | No | No | Yes (2) | No | No | No | No |
| 4 | 1607010003/IF/367585 | കാക്കക്കര നിരത്തതിലെ മനപ്പടി ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ഭാഗം 1 | Yes | Yes | Yes | Yes | Yes | Yes | Yes | No | No | No | Yes (2) | Yes | No | Yes (1) | Yes (2) | No | NA | No | Yes | Yes (1) | No | No | NO | No |
| 5 | 1607010003/RS/293544 | മനപ്പടി - ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ വ്യക്തിഗത കക്കൂസ് നിർമ്മാണം ഭാഗം 1 (പദ്മിനി ) | Yes | Yes | No | Yes | No | Yes | Yes | No | No | No | Yes (2) | Yes | No | Yes (2) | No | No | NA | No | No | Yes (2) | No | No | NO | No |
| 6 | 1607010003/if/347924 | കാക്കക്കര നിരത്തതിലെ മനപ്പടി ഗവർമെന്റ് അംഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 1 (പദ്മിനി ) | Yes | Yes | Yes | Yes | No | Yes | Yes | No | No | No | Yes (4) | Yes | No | Yes (4) | No | No | NA | No | Yes | Yes (4) | No | No | NO | No |
| 7 | 1607010003/if/356708 | കാക്കക്കര നിരത്തതിലെ മനപ്പടി ഗവർമെന്റ് അംഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 2 (സജിനി ആന്റോ | Yes | Yes | Yes | Yes | No | Yes | Yes | No | No | No | Yes (4) | Yes | No | Yes (3) | Yes (3) | No | NA | No | Yes | Yes (4) | No | No | NO | No |

| Si No | ward | Work Name | Work Code | Starting Date | End Date | Est.Amt | actual Amt | Est. Mandays | Actual Mandays |
|---|---|---|---|---|---|---|---|---|---|
| 1 | 5 | വാർഡ് 5 ലെ പൊതു ഭൂമിയിലെ വനവൽക്കരണ പ്രവൃത്തി (കൃഷി ഭവൻ) | 1607010003/DP/268998 | 01-11-2018 | 04-11-2018 | 57747 | 3588 | 120 | 13 |
| 2 | 5 | കാക്കശ്ശേരി നിരത്തത്തിലെ മനപ്പടി ഗവർമ്മെന്റ് അംഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 3 (മാർത്ത) | 1607010003/IF/365837 | 15-11-2018 | 16-03-2019 | 24390 | 24390 | 90 | 90 |
| 6 | 5 | കാക്കശ്ശേരി നിരത്തത്തിലെ മനപ്പടി ഗവർമ്മെന്റ് അംഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 1 (പദ്മിനി ) | 1607010003/if/347924 | 03-08-2018 | 24-10-2018 | 24390 | 24390 | 90 | 90 |
| 7 | 5 | കാക്കശ്ശേരി നിരത്തത്തിലെ മനപ്പടി ഗവർമ്മെന്റ് അംഗീകൃത ഭവന നിർമ്മാണ പദ്ധതി ഭാഗം 2 (സജിനി ആന്റോ | 1607010003/if/356708 | 17-09-2018 | 20-11-2018 | 24390 | 24390 | 90 | 90 |
| 3 | 5 | മനപ്പടി - ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ വ്യക്തിഗത കക്കൂസ് നിർമ്മാണം ഭാഗം 2 (സജിനി ആന്റോ) | 1607010003/RS/293545 | 26-11-2018 | 27-01-2019 | 12000 | 7728 | 28 | 28 |
| 5 | 5 | മനപ്പടി - ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ വ്യക്തിഗത കക്കൂസ് നിർമ്മാണം ഭാഗം 1 (പദ്മിനി ) | 1607010003/RS/293544 | 17-08-2018 | 27-01-2019 | 12000 | 7588 | 28 | 28 |
| 4 | 5 | കാക്കശ്ശേരി നീർത്തടത്തിലെ മനപ്പടി ദുർബലജനവിഭാഗങ്ങളിലെ ഭൂമിയിലെ കമ്പോസ്റ്റ്പിറ്റ് നിർമ്മാണം ഭാഗം 1 | 1607010003/IF/367585 | 15-11-2018 | 16-11-2018 | 6725 | 2112 | 2 | 2 |
| Total | | | | | | 161642 | 94186 | 448 | 341 |

## മിനിറ്റ്സ്

## പാവറട്ടി പഞ്ചായത്ത്

## വാർഡ് 5 മനപടി

പാവറട്ടി ഗ്രാമ പഞ്ചായത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വാർഡ് 5 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ 26/09/19 ചൊവ്വാഴ്ച്ച വൈകിട്ട് 3.45 ന് മൗനപ്രാർത്ഥനയോടെ ആരംഭം കുറിച്ചു .DRP നിർമ്മല ഗ്രാമസഭയിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു .അതിനുശേഷം അധ്യക്ഷയായി തൊഴിലാളികളിൽ നിന്നും ഗിരിജ ശശിയെ തെരഞ്ഞെടുത്തു .DRP നിർമ്മല സോഷ്യൽ ഓഡിറ്റിനെ പറ്റിയും അതിൻ്റെ അനുബന്ധിത വിവരങ്ങളെക്കുറിച്ചും വിഷയാവതരണം നടത്തി .അതിനുശേഷം അധ്യക്ഷ BRP മരിയയെ റിപ്പോർട്ട് അവതരണത്തിനായി ക്ഷണിച്ചു .4 മണിക്ക് റിപ്പോർട്ട് അവതരണം തുടങ്ങി പാവറട്ടി പഞ്ചായത്ത് 5 -)o വാർഡ് മനപ്പടി പ്രദേശത്തെ 2018 ഒക്ടോബർ - 2019 മാർച്ച് വരെയുള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടാണ് അവതരിപ്പിച്ചത് . ആകെ മൊത്തം 7 പ്രവർത്തികളാണ് ഈ വാർഡിൽ നടന്നിട്ടുണ്ടായിരുന്നത് .3 ഭവന നിർമ്മാണം ,2 കക്കൂസ് നിർമ്മാണം ,ഒരു കമ്പോസ്റ്റ് പിറ്റ് ,കൃഷി ഭവൻ

പ്രദേശത്ത് 50 വൃക്ഷതൈ നടൽ എന്നിവയായിരുന്നു പ്രവർത്തികൾ . വാർഡ് 5 ൽ 104 തൊഴിൽകാർഡ് ഉണ്ടെങ്കിലും നിലവിൽ 5 തൊഴിലാളികൾ മാത്രമാണ് ഉള്ളത് .വൃക്ഷ തൈ നടലിന്റെ എസ്റ്റിമേറ്റ് തുക 5747 ഉം എം ബുക്ക് പ്രകാരം 3588 രൂപയും മാണ് കാണുന്നത് ആകെ 13 തൊഴിൽ ദിനങ്ങളാണ് ഉണ്ടായിരുന്നത് .മൂന്ന് ഭവന നിർമ്മാണത്തിനായി 73170 രൂപചിലവഴിച്ചിട്ടുണ്ട് . രണ്ട് കക്കൂസ് നിർമാണത്തിനും കൂടി 15316 രൂപയാണ് ചിലവഴിച്ചിരിക്കുന്നത് .കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിൽ അവിദഗ്ദ്ധ തൊഴിലാളിക്ക് 522 രൂപയും അർഥവിദഗ്ദ്ധ തൊഴിലാളിക്ക് 1560 രൂപയുമാണ് വേതനം ലഭിച്ചത് .ആകെ കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിന് ചിലവഴിച്ചത് 2112 രൂപയാണ് .അർഥ വിദഗ്ദ്ധ തൊഴിലാളി മസ്റ്ററോളിൽഒപ്പ് വച്ചിട്ടില്ല .പിന്നീട് തൊഴിലുറപ്പ് തൊഴിലാളികളുമായി ചർച്ച നടത്തി .തൊഴിലാളികളുടെ അപര്യാപ്തതയ്ക്ക് കാരണം കൃത്യമായി വേതനം ലഭിക്കാത്തതാണ് എന്ന് തൊഴിലാളികളിൽ നിന്നും മനസിലാക്കാൻ സാധിച്ചു. വേതനം ശരിയായ രീതിയിൽ ലഭിക്കുകയാണെങ്കിൽ തൊഴിൽ ചെയ്യാൻ സന്നദ്ധരാണെന്ന് ഓമന ബാലൻ അറിയിച്ചു .APL ലിന്റെ തൊഴിൽ ചെയ്യാൻ തൊഴിലാളികൾ താല്പര്യം പറഞ്ഞു . എന്നാൽ നിലവിലുള്ള SC / BPL തൊഴിലുകൾ പൂർത്തീകരിച്ചാൽ മാത്രമെ APL ലിന്റെ തൊഴിലുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ എന്ന് AE അറിയിച്ചു .പ്രഥമ ശുശ്രുഷ സാമഗ്രികൾ ഇല്ലെന്ന് തൊഴിലാളികളായ ശാന്ത ,ഉഷ എന്നിവർ അറിയിച്ചു . ഈ അഭിപ്രായത്തെ മാനിച്ച് AE അവർക്കാവശ്യമായ പ്രഥമ ശുശ്രുഷ സാമഗ്രികൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും ലഭിക്കും എന്നു പറഞ്ഞു .തൊഴിൽ സ്ഥലത്തുവച്ച് അപകടം നടന്നാലുള്ള തുടർനടപടികളെപ്പറ്റി തൊഴിലാളികളെ ബോധവാന്മാരാക്കി . പത്തവകാശങ്ങൾ അവർക്കു ശരിയായ രീതിയിൽ ലഭിക്കുന്നുണ്ടോ എന്നു ചോദിക്കുകയും അതിനെപറ്റി മനസിലാക്കി കൊടുക്കുകയും BRP ചെയ്തു .തൊഴിലാളികൾക്ക് പരാതിയുണ്ടെങ്കിലും പഞ്ചായത്തിലെ പരാതി രെജിസ്റ്ററിൽ പരാതികൾ ഒന്നും കാണാൻ കഴിഞ്ഞില്ല .ലീവെടുത്തു കഴിഞ്ഞാൽ പിന്നെ തുടർന്നും ജോലിചെയ്യാനാവുമോ എന്ന് തൊഴിലാളി ഗിരിജ ചോദിച്ചു. തൊഴിലുറപ്പു പദ്ധതി പ്രകാരം ലീവെടുത്തു കഴിഞ്ഞാലും വീണ്ടും തൊഴിലിൽ തുടരുന്നതിൽ തടസ്സങ്ങളില്ലെന്ന് BRP മരിയ പറഞ്ഞു കൊടുത്തു . ഗ്രാമസഭയിൽ പഞ്ചായത്തിലെ പുതിയ നിർമ്മാണ തൊഴിലാളി പരിശീലന പരിപാടിയെ ക്കുറിച്ച് അസിസ്റ്റൻറ് സെക്രട്ടറി രാധാകൃഷ്ണൻ പരിചയപ്പെടുത്തി .താല്പര്യമുള്ള തൊഴിലാളികൾക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ് .ഇങ്ങനെ പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് 271 ൽ നിന്നും 750 രൂപ വേതനമായി ലഭിക്കുന്നതാണ് എന്നും ,ഈ തൊഴിൽ ചെയുന്ന തൊഴിലാളികൾക്ക് 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്നതിന് തടസ്സമില്ല എന്നും അസിസ്റ്റൻറ് സെക്രട്ടറി അറിയിച്ചു. ഗ്രാമസഭ അധ്യക്ഷയായ ഗിരിജ റിപ്പോർട്ട് എല്ലാവരും അംഗീകരിക്കുന്നുണ്ടോ എന്ന് ചോദിച്ചു. തുടർന്ന്ഗ്രമസഭയിൽ പങ്കെടുത്ത എല്ലാവരും റിപ്പോർട്ട് അംഗീകരിച്ചതായി കൈകൾ അടിച്ചു പാസ്സാക്കി. ശേഷം 4.45 ന് അധ്യക്ഷ യോഗം പിരിച്ചുവിട്ടു.

**ഗ്രാമസഭ തീരുമാനങ്ങൾ**

- തൊഴിൽ കാർഡും തൊഴിലും ഫ്രണ്ട് ഓഫീസ് വഴി അപേക്ഷിക്കുവാനും ആയതിനു തൊഴിലാളിക്ക് രസീത് നൽകുവാനും തീരുമാനിച്ചു.

- റോസ്കാർ ദിവസം എല്ലാ മാസവും നടത്തി തൊഴിലാളികളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു പരിഹാര നടപടികൾ നടത്താമെന്നു തീരുമാനിച്ചു.

- വൃക്ഷ തൈകൾ പല വിധത്തിൽ നശിച്ചു പോകുന്നത് ഒഴിവാക്കുന്നതിന് സംരക്ഷണം ഉറപ്പു വരുത്തുവാൻ തീരുമാനിച്ചു.

- **CIB** എല്ലാ പ്രവൃത്തി സ്ഥലങ്ങളിലും മാനദണ്ഡ പ്രകാരം വയ്ക്കാമെന്നു തീരുമാനിച്ചു.

- തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ തണ്ണാൽ ലഭ്യമാകുന്നതിനു ടാർപോളിൻ, പ്രഥമ ശുസ്രൂക്ഷകിറ്റുകൾ എന്നിവ ഏർപ്പെടുത്താൻ തീരുമാനിച്ചു.

- ഭൂവികസന പ്രവർത്തികൾ ആസ്തി വികസനം ലക്ഷ്യമാക്കി കൃഷിക്ക് അനുയോജ്യമായ രീതിയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.